# The Kerala Toddy Industry Development Board Act, 2021

Act No. 40 of 2021

**Keywords:**

Toddy Shop

DISCLAIMER: This document is being furnished to you for your information by PRS Legislative Research (PRS). The contents of this document have been obtained from sources PRS believes to be reliable. These contents have not been independently verified, and PRS makes no representation or warranty as to the accuracy, completeness or correctness. In some cases the Principal Act and/or Amendment Act may not be available. Principal Acts may or may not include subsequent amendments. For authoritative text, please contact the relevant state department concerned or refer to the latest government publication or the gazette notification. Any person using this material should take their own professional and legal advice before acting on any information contained in this document. PRS or any persons connected with it do not accept any liability arising from the use of this document. PRS or any persons connected with it shall not be in any way responsible for any loss, damage, or distress to any person on account of any action taken or not taken on the basis of this document.

©
**കേരള സർക്കാർ**
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 10**<br>Vol. X | **തിരുവനന്തപുരം, തിങ്കൾ**<br>Thiruvananthapuram, Monday | **2021 നവംബർ 15**<br>15th November 2021<br>**1197 തുലാം 30**<br>30th Thulam 1197<br>**1943 കാർത്തികം 24**<br>24th Karthika 1943 | **നമ്പർ**<br>No. | **3355** |

**കേരള സർക്കാർ**

നിയമ (നിയമനിർമ്മാണ-എ) വകുപ്പ്

വിജ്ഞാപനം

നമ്പർ 4153/ലെഗ്.എ1/2021/നിയമം.

*തിരുവനന്തപുരം, 2021 നവംബർ 14*
*1197 തുലാം 29*
*1943 കാർത്തികം 23.*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേയ്ക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2021 നവംബർ 13-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

വി. ഹരി നായർ,
*നിയമ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# 2021-ലെ 40-ാം ആക്റ്റ്

## 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ആക്റ്റ്

കേരള സംസ്ഥാനത്തെ പരമ്പരാഗത കള്ള് വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനും, വികസിപ്പിക്കുന്നതിനുമായി ഒരു കള്ള് വ്യവസായ വികസന ബോർഡ് രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—കേരള സംസ്ഥാനത്തെ പരമ്പരാഗത കള്ള് വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനും, വികസിപ്പിക്കുന്നതിനുമായി ഒരു കള്ള് വ്യവസായ വികസന ബോർഡ് രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:-

### അദ്ധ്യായം-I

### പ്രാരംഭം

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2021 ഫെബ്രുവരി 25-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "ബോർഡ്" എന്നാൽ 3-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന കേരള കള്ള് വ്യവസായ വികസന ബോർഡ് എന്നർത്ഥമാകുന്നു;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ബി) “ചെയർപേഴ്സൺ” എന്നാൽ ബോർഡിന്റെ ചെയർപേഴ്സൺ എന്നർത്ഥമാകുന്നു;

(സി) “ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ” എന്നാൽ 13-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നർത്ഥമാകുന്നു;

(ഡി) “എക്സൈസ് കമ്മീഷണർ” എന്നാൽ 1077-ലെ അബ്കാരി ആക്റ്റിന്റെ (1077-ലെ 1), 4-ാം വകുപ്പ് (എ) ഖണ്ഡ പ്രകാരം സർക്കാർ നിയമിച്ച ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(ഇ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(എഫ്) “അംഗം” എന്നാൽ ബോർഡിന്റെ അംഗം എന്നർത്ഥമാകുന്നു;

(ജി) “നിർണ്ണയിക്കപ്പെട്ട” എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(എച്ച്) "റെഗുലേഷൻ" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ബോർഡ് ഉണ്ടാക്കുന്ന റെഗുലേഷനുകൾ എന്നർത്ഥമാകുന്നു;

(ഐ) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു;

(ജെ) “കള്ള്” എന്നാൽ 2002-ലെ കേരള അബ്കാരി ഷോപ്സ് ഡിസ്പോസൽ ചട്ടങ്ങളിലെ 2-ാം ചട്ടം (എൻ) ഖണ്ഡപ്രകാരം നിർവ്വചിച്ച പ്രകാരമുള്ള കള്ള് എന്നർത്ഥമാകുന്നു;

(കെ) “കള്ള്ഷാപ്പ്” എന്നാൽ 2002-ലെ കേരള അബ്കാരി ഷോപ്സ് ഡിസ്പോസൽ ചട്ടങ്ങളിലെ 2-ാം ചട്ടം (സി) ഖണ്ഡപ്രകാരം നിർവ്വചിച്ച പ്രകാരമുള്ള കള്ള് ഷാപ്പ് എന്നർത്ഥമാകുന്നു.

## അദ്ധ്യായം - II

## ബോർഡിന്റെ രൂപീകരണം

3. ബോർഡിന്റെ രൂപീകരണം.—(1) സർക്കാർ, ഈ ആക്റ്റിന്റെ പ്രാരംഭത്തിന് ശേഷം കഴിയുന്നത്ര വേഗം, ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിൻ കീഴിൽ അതിന്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനുമായി, "കേരള കള്ള് വ്യവസായ വികസന ബോർഡ്" എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കേണ്ടതാണ്.

(2) ബോർഡ്, ശാശ്വത പിൻതുടർച്ചാവകാശത്തോടും പൊതുമുദ്രയോടും കൂടിയതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി സ്ഥാവരവും ജംഗമവുമായ സ്വത്തുക്കൾ ആർജ്ജിക്കുവാനും കൈവശം വയ്ക്കുവാനും കൈയൊഴിയുവാനുമുള്ള അധികാരത്തോടുകൂടിയതും കരാറിൽ ഏർപ്പെടാനും ഈ ആക്റ്റിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി എല്ലാ കാര്യങ്ങളും ചെയ്യുവാനുമുള്ള അധികാരത്തോടുകൂടിയതുമായ മേൽപ്പറഞ്ഞ പേരിലുള്ള ഒരു ഏകാംഗീകൃത നികായം ആയിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാകുന്നു.

(3) ബോർഡിന്റെ ആസ്ഥാനം തിരുവനന്തപുരം ആയിരിക്കുന്നതാണ്.

(4) ബോർഡിൽ ഇതിനുശേഷം വ്യവസ്ഥ ചെയ്യുന്ന പ്രകാരം സർക്കാർ നിയമിക്കുന്ന താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:-

(എ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ—ചെയർപേഴ്സൺ;

(ബി) സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി/ അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി വകുപ്പ്;

(സി) എക്സൈസ് കമ്മീഷണർ;

(ഡി) സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്;

(ഇ) ഗവേഷണ വിഭാഗം ഡയറക്ടർ, കേരള കാർഷിക സർവ്വകലാശാല;

(എഫ്) അസിസ്റ്റന്റ് ഡയറക്ടർ (മാർക്കറ്റിംഗ്), കൃഷി വകുപ്പ്;

(ജി) ചെയർമാൻ, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(എച്ച്) കള്ള് മേഖലയിലെ അംഗീകൃത തൊഴിലാളി യൂണിയനുകളുടെ ഓരോ പ്രതിനിധി വീതം, പരമാവധി അഞ്ച് പ്രതിനിധികൾ;

(ഐ) കള്ള്ഷാപ്പ് ലൈസൻസികളുടെ അസോസിയേഷന്റെ രണ്ട് പ്രതിനിധികൾ;

(ജെ) കേര കർഷകരുടെ രണ്ട് പ്രതിനിധികൾ;

(കെ) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ.

(5) ചെയർപേഴ്സണെയും അംഗങ്ങളെയും ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി, നിയമിക്കേണ്ടതാണ്.

4. ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ഔദ്യോഗിക കാലാവധിയും സേവന വ്യവസ്ഥകളും.—(1) ബോർഡിലെ ചെയർപേഴ്സണും മറ്റ് അനൗദ്യോഗിക അംഗങ്ങൾക്കും അവർ ഔദ്യോഗിക സ്ഥാനം ഏറ്റെടുത്ത തീയതി മുതൽ അഞ്ച് വർഷക്കാലയളവ് പൂർത്തിയാകുന്നതുവരെ ഔദ്യോഗിക സ്ഥാനം വഹിക്കാവുന്നതാണ്.

(2) ബോർഡിലെ ചെയർപേഴ്സണും മറ്റ് അംഗങ്ങൾക്കും നൽകേണ്ട ശമ്പളവും അലവൻസുകളും മറ്റ് സേവന വ്യവസ്ഥകളും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

5. ബോർഡിന്റെ പുനർരൂപീകരണം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, പ്രസ്തുത വിജ്ഞാപനത്തിൽ വ്യക്തമാക്കാവുന്ന കാരണങ്ങളാൽ 3-ാം വകുപ്പ് (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി ബോർഡ് പുനർരൂപീകരിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം ബോർഡ് പുനർരൂപീകരിക്കുമ്പോൾ അപ്രകാരമുള്ള പുനർരൂപീകരണത്തിന് മുൻപ്, ഔദ്യോഗികസ്ഥാനം വഹിച്ചിരുന്ന, ചെയർപേഴ്സൺ ഉൾപ്പെടെയുള്ള ബോർഡിലെ അംഗങ്ങൾ, അപ്രകാരമുള്ള പുനർരൂപീകരണ തീയതി മുതൽ അപ്രകാരം പുനർരൂപീകരിച്ച ബോർഡിൽ അവരെ അംഗങ്ങളായി നിയമിക്കാത്തപക്ഷം, അപ്രകാരമുള്ള അംഗങ്ങളുടെ ഔദ്യോഗിക കാലാവധി അവസാനിച്ചിട്ടില്ല എങ്കിലും അപ്രകാരമുള്ള അംഗങ്ങളെന്ന നിലയിലുള്ള അവരുടെ ഔദ്യോഗികസ്ഥാനം ഒഴിയേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

6. <u>ബോർഡിലെ അംഗമായി നിയമിക്കപ്പെടുന്നതിനോ അംഗമായി തുടരുന്നതിനോ ഉള്ള അയോഗ്യതകൾ</u>.—ബോർഡിൽ അംഗമായി നിയമിക്കപ്പെടുന്നതിനും അംഗമായി തുടരുന്നതിനും ഏതൊരാളും, അയാൾ,-

(എ) ബുദ്ധിസ്ഥിരതയില്ലാത്തയാളോ;

(ബി) അവിമുക്ത നിർദ്ധനനാണെങ്കിലോ;

(സി) സാന്മാർഗിക ദൂഷ്യമോ സാമ്പത്തിക ക്രമക്കേടോ ഉൾപ്പെടുന്ന ഒരു കുറ്റത്തിന് അയാൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിലോ;

(ഡി) നേരിട്ടോ നേരിട്ടല്ലാതെയോ ബോർഡോ, ബോർഡിനു വേണ്ടിയോ ഏർപ്പെടുന്ന ഏതെങ്കിലും കരാറിലോ തൊഴിലിലോ എന്തെങ്കിലും ഓഹരിയോ താത്പര്യമോ ഉണ്ടെങ്കിലോ,

അയോഗ്യനാക്കപ്പെടുന്നതാണ്.

7. <u>അംഗങ്ങളെ ഔദ്യോഗിക സ്ഥാനത്തുനിന്നും സസ്പെൻഡ് ചെയ്യുന്നതും നീക്കം ചെയ്യുന്നതും</u>.—(1) സർക്കാരിന് ഉത്തരവുമൂലം, ചെയർപേഴ്സണെയോ ഏതെങ്കിലും അംഗത്തെയോ, അദ്ദേഹം,—

(എ) ജോലിചെയ്യാൻ വിസമ്മതിക്കുകയോ, ജോലിചെയ്യാൻ പ്രാപ്തനല്ലാതായിത്തീരുകയോ;

(ബി) സർക്കാരിന്റെ അഭിപ്രായത്തിൽ സാന്മാർഗ്ഗികദൂഷ്യം ഉൾപ്പെടുന്ന കുറ്റത്തിന് കുറ്റം സ്ഥാപിക്കപ്പെട്ട് തടവ് ശിക്ഷയ്ക്ക് വിധിക്കപ്പെടുകയോ;

(സി) ബോർഡിൽനിന്നും അനുമതി നേടാതെ ബോർഡിന്റെ തുടർച്ചയായുള്ള മൂന്ന് യോഗങ്ങളിൽ പങ്കെടുക്കാതിരിക്കുകയോ;

(ഡി) അദ്ദേഹം ബോർഡിൽ തുടരുന്നത് ബോർഡിന്റെ താൽപ്പര്യത്തിനോ പൊതുതാൽപ്പര്യത്തിനോ ഹാനികരമാകത്തക്കവിധം തന്റെ ഔദ്യോഗികപദവി ദുരുപയോഗം ചെയ്തതായി സർക്കാരിന് ബോദ്ധ്യമാവുകയോ;

(ഇ) അംഗമായി തുടരാൻ മറ്റ് വിധത്തിൽ അനുയോജ്യനല്ലാതാവുകയോ,

ചെയ്യുന്നപക്ഷം ഔദ്യോഗികസ്ഥാനത്തുനിന്നും നീക്കം ചെയ്യാവുന്നതാണ്:

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

എന്നാൽ, ഈ ഉപവകുപ്പിൻ കീഴിൽ യാതൊരാളെയും അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകാതെ നീക്കം ചെയ്യാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പുപ്രകാരമുള്ള നടപടികൾ നിലവിലുള്ള കാലയളവിൽ സർക്കാരിന് ബോർഡിലെ ഏതെങ്കിലും അംഗത്തെ സസ്പെൻഡ് ചെയ്യാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരം ബോർഡിൽ നിന്നും നീക്കം ചെയ്യപ്പെട്ട യാതൊരംഗത്തേയും ബോർഡിന്റെ അംഗമായി പുനർനിയമിക്കുവാനോ ബോർഡിൻ കീഴിൽ മറ്റ് ഏതെങ്കിലും പദവിയിൽ നിയമിക്കുവാനോ പാടുള്ളതല്ല.

8. <u>ഔദ്യോഗിക സ്ഥാനത്തുനിന്നുള്ള അംഗത്തിന്റെ രാജി</u>.—ബോർഡിലെ ഏതൊരു അംഗത്തിനും സർക്കാരിനെ അഭിസംബോധന ചെയ്ത് രേഖാമൂലമുള്ള നോട്ടീസ് നൽകിക്കൊണ്ട് തന്റെ ഔദ്യോഗിക സ്ഥാനം രാജി വയ്ക്കാവുന്നതും, സർക്കാർ അത് സ്വീകരിക്കുന്നതിന്മേൽ, അദ്ദേഹം തന്റെ ഔദ്യോഗികസ്ഥാനം ഒഴിഞ്ഞതായി കരുതപ്പെടുന്നതുമാണ്.

9. <u>ഒഴിവുകൾ കഴിയുന്നത്ര വേഗം നികത്തേണ്ടതാണ്.</u>—(1) ഒരു അംഗം 6-ാം വകുപ്പ് പ്രകാരം അയോഗ്യനാക്കപ്പെടുകയോ 7-ാം വകുപ്പ് പ്രകാരം നീക്കം ചെയ്യപ്പെടുകയോ 8-ാം വകുപ്പ് പ്രകാരം രാജിവെക്കുകയോ ചെയ്യുമ്പോൾ, അയാൾ ബോർഡിലെ ഒരംഗമല്ലാതായിത്തീരുന്നതും, അപ്രകാരമുണ്ടാകുന്ന ഏതൊരു ഒഴിവും സർക്കാർ, കഴിയുന്നിടത്തോളം വേഗം, നികത്തേണ്ടതുമാണ്.

(2) അപ്രകാരമുള്ള താൽക്കാലിക ഒഴിവിലേക്ക് നിയമിക്കപ്പെടുന്ന ഒരു അംഗത്തിന്റെ ഔദ്യോഗിക കാലാവധി, ഏത് അംഗത്തിന്റെ ഒഴിവിലാണോ അദ്ദേഹം അപ്രകാരം നിയമിക്കപ്പെട്ടത് പ്രസ്തുത അംഗത്തിന്റെ ശേഷിക്കുന്ന ഔദ്യോഗിക കാലയളവിലേയ്ക്ക് മാത്രമായിരിക്കുന്നതാണ്.

10. <u>ഒഴിവുകൾ മുതലായവ ബോർഡിന്റെ നടപടികളെ അസാധുവാക്കുന്നതല്ലെന്ന്</u>.—ബോർഡിന്റെ യാതൊരു പ്രവൃത്തിയും അല്ലെങ്കിൽ നടപടികളും, ബോർഡിൽ ഏതെങ്കിലും ഒഴിവോ അതിന്റെ രൂപീകരണത്തിൽ ഏതെങ്കിലും ന്യൂനതയോ ഉണ്ടെന്ന കാരണത്താൽ മാത്രം അസാധുവാകുന്നതല്ല.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

11. <u>പ്രത്യേക ആവശ്യത്തിനുവേണ്ടി ആളുകളെ താൽക്കാലികമായി സഹകരിപ്പിക്കൽ</u>.—(1) ബോർഡിന്, ഏതെങ്കിലും പ്രത്യേക ആവശ്യത്തിന് ഏതെങ്കിലും ആളുടെ സഹായമോ ഉപദേശമോ ആവശ്യമാണെന്ന് തോന്നുന്നപക്ഷം, ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കാവുന്ന റെഗുലേഷനുകളിൽ വ്യവസ്ഥ ചെയ്യാവുന്ന പ്രകാരം, പ്രസ്തുത ആളെ സഹകരിപ്പിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ഏതെങ്കിലും ആവശ്യത്തിന് ബോർഡുമായി സഹകരിച്ചു പ്രവർത്തിക്കുന്ന ഒരാൾക്ക് പ്രസ്തുത ആവശ്യവുമായി ബന്ധപ്പെട്ട ബോർഡിന്റെ ചർച്ചകളിൽ പങ്കെടുക്കുന്നതിനുള്ള അവകാശമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, ബോർഡിന്റെ യോഗത്തിൽ വോട്ട് ചെയ്യുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതല്ല.

12. <u>ബോർഡിന്റെ യോഗങ്ങൾ</u>.—(1) റെഗുലേഷനുകളിൽ വ്യവസ്ഥ ചെയ്യാവുന്ന പ്രകാരമുള്ള സ്ഥലത്തും സമയത്തും, ബോർഡ് യോഗം ചേരേണ്ടതും അതിന്റെ യോഗങ്ങളിൽ കാര്യനിർവ്വഹണം സംബന്ധിച്ച് അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്:

എന്നാൽ, ബോർഡ് കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്.

(2) ബോർഡിന്റെ യോഗങ്ങളിൽ ചെയർപേഴ്സണോ, അദ്ദേഹത്തിന്റെ അഭാവത്തിൽ ഹാജരായിട്ടുള്ള അംഗങ്ങൾ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരു അംഗമോ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(3) ബോർഡിലെ ഒരു യോഗത്തിന്റെ ക്വാറം ചെയർപേഴ്സൺ ഉൾപ്പെടെ ആകെ അംഗങ്ങളുടെ മൂന്നിലൊന്ന് ആയിരിക്കുന്നതാണ്.

(4) ബോർഡിന്റെ ഒരു യോഗത്തിന് മുൻപാകെ വരുന്ന ഏതൊരു സംഗതിയും യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങളുടെ ഭൂരിപക്ഷ വോട്ടിലൂടെ തീരുമാനിക്കപ്പെടേണ്ടതും, തുല്യവോട്ടുകളുടെ സംഗതിയിൽ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്ന ചെയർപേഴ്സണ് അല്ലെങ്കിൽ അംഗത്തിന് ഒരു കാസ്റ്റിംഗ് വോട്ടവകാശം ഉണ്ടായിരിക്കുന്നതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(5) ബോർഡിന്റെ ഓരോ യോഗത്തിന്റെയും നടപടിക്കുറിപ്പ്, അപ്രകാരമുള്ള യോഗം നടന്ന് പതിനഞ്ച് ദിവസങ്ങൾക്കകം സർക്കാരിന് അയച്ചുകൊടുക്കേണ്ടതാണ്.

13. <u>ബോർഡിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും നിയമനം</u>.—(1) സർക്കാർ സർവ്വീസിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയ്ക്ക് താഴെയല്ലാത്ത ഉദ്യോഗസ്ഥനെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി അന്യത്ര സേവന വ്യവസ്ഥയിൽ സർക്കാരിന് നിയമിക്കാവുന്നതാണ്.

(2) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള, അധികാരങ്ങൾ വിനിയോഗിക്കുകയും കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്.

(3) ബോർഡിന്, അതിന്റെ ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനാവശ്യമായ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നിയമിക്കാവുന്നതാണ്.

(4) ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമന രീതിയും സേവനം സംബന്ധിച്ച മറ്റ് നിബന്ധനകളും വ്യവസ്ഥകളും ശമ്പളവും അലവൻസുകളും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

14. <u>കരാറിലേർപ്പെടുന്നതിനുള്ള അധികാരം</u>.—(1) ബോർഡിന്, ഈ ആക്റ്റിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ അത് കരുതുന്ന പ്രകാരമുള്ള കരാറുകളിൽ ഏർപ്പെടാവുന്നതാണ്.

(2) ബോർഡിനു വേണ്ടിയുള്ള ഓരോ കരാറും ചെയർപേഴ്സണോ അദ്ദേഹം അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥനോ തയ്യാറാക്കേണ്ടതാണ്.

(3) ബോർഡിനു വേണ്ടി ഉണ്ടാക്കുന്ന ഓരോ കരാറും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള, ഫാറത്തിലും രീതിയിലുമായിരിക്കേണ്ടതാണ്.

15. <u>ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മറ്റ് കമ്മിറ്റികളും</u>.—(1) ബോർഡിന്, റഗുലേഷനുകളിൽ വ്യവസ്ഥ ചെയ്യാവുന്ന പ്രകാരമുള്ള ബോർഡിന്റെ ധനകാര്യവുമായി ബന്ധപ്പെട്ട അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനുമായി ഒരു ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയെ നിയമിക്കാവുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) ബോർഡിന്, കള്ള് വ്യവസായത്തിന്റെ സാഹചര്യങ്ങൾക്കും ആവശ്യകതകൾക്കും വേണ്ട പരിഗണന നൽകി പ്രസ്തുത ചുമതലകൾ നിറവേറ്റപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള ആവശ്യത്തിലേയ്ക്കായി കാലാകാലങ്ങളിൽ, ഒന്നോ അതിലധികമോ കമ്മിറ്റികളെ നിയമിക്കാവുന്നതാണ്.

## അദ്ധ്യായം - III

## ബോർഡിന്റെ അധികാരങ്ങളും ചുമതലകളും

16. ബോർഡിന്റെ ചുമതലകൾ.—(1) ബോർഡ്, കള്ള് വ്യവസായ മേഖലയെ സംഘടിപ്പിക്കുകയും വികസിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതും മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം ഉറപ്പുവരുത്തേണ്ടതും സർക്കാർ, കാലാകാലങ്ങളിൽ, നിശ്ചയിക്കാവുന്ന പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെ, ബോർഡ്, പ്രത്യേകിച്ചും, താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ, ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കേണ്ടതാണ്, അതായത്:—

(എ) ഉപഭോക്താക്കൾക്ക് ശുദ്ധമായ കള്ള് ലഭിക്കുന്നുവെന്ന് ഉറപ്പാക്കുക;

(ബി) കള്ള് ഉൽപ്പാദനം കൂടുതൽ ഉള്ള സ്ഥലങ്ങളിൽ നിന്നും അവ സംഭരിച്ച് ആവശ്യമുള്ള മറ്റ് സ്ഥലങ്ങളിൽ എത്തിക്കുക;

(സി) കള്ളിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സംരംഭങ്ങൾ ആരംഭിക്കുക;

(ഡി) സീസൺ സമയത്ത് അധികമായി ലഭിക്കുന്ന കള്ള് കേടുകൂടാതെ സൂക്ഷിക്കുവാൻ ആവശ്യമായ സംവിധാനം ഏർപ്പെടുത്തുക;

(ഇ) കള്ള് ലഭിക്കുന്നതിന് അത്യുൽപ്പാദന ശേഷിയുള്ള വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കുക;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(എഫ്) കള്ള് ഷാപ്പുകൾ നടത്താൻ സ്ഥിരം കെട്ടിടങ്ങൾ നിർമ്മിച്ചു നൽകുക;

(ജി) ആവശ്യാനുസരണം കള്ള് ഷാപ്പുകൾ ഏറ്റെടുത്ത് നടത്തുക;

(എച്ച്) വിനോദ സഞ്ചാര മേഖലകളിൽ ആധുനിക രീതിയിലുള്ള കള്ള് ഷാപ്പുകൾ ആരംഭിക്കുക;

(ഐ) തൊഴിലാളികൾക്കും പുതിയതായി ആ മേഖലയിൽ വരുന്നവർക്കും ആവശ്യമായ പരിശീലനം നൽകുക;

(ജെ) കള്ള് ചെത്ത് വ്യവസായം സംബന്ധിച്ച് സ്ഥിതിവിവര കണക്കുകൾ സൂക്ഷിക്കുക;

(കെ) കർഷകർക്കും, തൊഴിലാളികൾക്കും ഉപകരിക്കുന്ന തരത്തിലുള്ള വിജ്ഞാന കേന്ദ്രങ്ങൾ ആരംഭിക്കുകയും, ആനുകാലികങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്യുക;

(എൽ) ഈ രംഗത്ത് ആവശ്യമായിവരുന്ന ഗവേഷണം പ്രോത്സാഹിപ്പിക്കുക.

17. <u>ബോർഡിനുള്ള പൊതുവായ അധികാരങ്ങൾ</u>.—ഈ ആക്റ്റിൻ കീഴിലുള്ള അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിനായി, ബോർഡിന് താഴെ പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:-

(1) ബോർഡിന്, ആവശ്യമെന്ന് കരുതുന്ന പ്രകാരമുള്ള സ്ഥാവര ജംഗമ സ്വത്തുക്കൾ ആർജ്ജിക്കുകയും കൈവശം വയ്ക്കുകയും അപ്രകാരമുള്ള സ്വത്തുക്കൾ പാട്ടത്തിന് നൽകുകയോ വിൽപ്പന നടത്തുകയോ മറ്റ് വിധത്തിൽ കൈമാറ്റം ചെയ്യുകയോ:

എന്നാൽ, സ്ഥാവരസ്വത്തിന്റെ സംഗതിയിൽ അത് ആർജ്ജിക്കുന്നതിനുള്ള അധികാരം ഒഴികെയുള്ള മുൻപറഞ്ഞ അധികാരങ്ങൾ സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി മാത്രമേ വിനിയോഗിക്കാൻ പാടുള്ളു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, ചെലവുകൾ വഹിക്കുന്നതിനും ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ആവശ്യമാണെന്ന് അത് കരുതുന്ന പ്രകാരമുള്ളതോ സർക്കാർ അതിനെ ഏൽപ്പിക്കുന്നതോ ആയ പദ്ധതികൾ, ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.

## അദ്ധ്യായം - IV

## പദ്ധതികളുടെ രൂപീകരണവും സമർപ്പണവും

18. വാർഷിക പദ്ധതികളുടെ തയ്യാറാക്കലും സമർപ്പണവും.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, ബോർഡ് ഓരോ വർഷവും സർക്കാർ നിശ്ചയിക്കാവുന്ന പ്രകാരമുള്ള തീയതിയിലോ അതിന് മുൻപോ വാർഷിക പദ്ധതി തയ്യാറാക്കേണ്ടതും അംഗീകാരത്തിനായി സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതുമാണ്.

(2) പദ്ധതിയിൽ,—

(എ) ബോർഡ് അടുത്ത വർഷം മുഴുവനായോ ഭാഗികമായോ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ വിവരങ്ങൾ;

(ബി) ഈ ആക്റ്റിൻ കീഴിലുള്ള അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്ന ആവശ്യത്തിലേയ്ക്കായി, ബോർഡ് അടുത്ത വർഷം സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തിയുടെയോ, പ്രവൃത്തി ഏറ്റെടുക്കുന്നത് സംബന്ധിച്ചതോ ആയ വിവരങ്ങൾ;

(സി) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള, മറ്റു വിവരങ്ങൾ;

എന്നിവ അടങ്ങിയിരിക്കേണ്ടതാണ്.

(3) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള, ഫാറത്തിലും അപ്രകാരമുള്ള തീയതിക്ക് മുമ്പായും, ബോർഡ് അനുബന്ധ പദ്ധതികൾ തയ്യാറാക്കേണ്ടതും സർക്കാരിന്റെ അനുമതിയ്ക്കായി അയച്ചുകൊടുക്കേണ്ടതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(4) സർക്കാരിന്, പദ്ധതി മുഴുവനായോ അത് ഉചിതമെന്ന് കരുതുന്ന പ്രകാരമുള്ള ഭേദഗതികളോടെയോ അംഗീകരിക്കാവുന്നതും അനുവദിക്കാവുന്നതുമാണ്.

## അദ്ധ്യായം - V

## ധനകാര്യവും കണക്കുകളും ആഡിറ്റും കടങ്ങളും

19. സ്വത്ത് കൈമാറ്റംചെയ്യൽ.—സർക്കാരിന്, ഈ ആക്റ്റിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിന് വേണ്ടി, സർക്കാർ യുക്തമെന്ന് കരുതാവുന്ന പ്രകാരമുള്ള വ്യവസ്ഥകളിന്മേലും നിബന്ധനകളിന്മേലും കെട്ടിടങ്ങൾ, ഭൂമി അല്ലെങ്കിൽ സ്ഥാവരമോ ജംഗമമോ ആയ മറ്റേതെങ്കിലും സ്വത്തുക്കൾ, ബോർഡിന് കൈമാറ്റം ചെയ്യാവുന്നതാണ്.

20. ബോർഡിന്റെ നിധി.—(1) ബോർഡിന്, അതിന്റെ സ്വന്തം നിധി ഉണ്ടായിരിക്കുന്നതും ബോർഡിന് ലഭിക്കുന്ന എല്ലാ വരുമാനവും അതിലേയ്ക്ക് വരവ് വയ്ക്കേണ്ടതും ബോർഡിന്റെ എല്ലാ ചെലവുകളും അതിൽ നിന്നും വഹിക്കേണ്ടതുമാണ്.

(2) ബോർഡിന്, കള്ള് ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള സഹായം അല്ലെങ്കിൽ വായ്പ സ്വീകരിക്കാവുന്നതാണ്.

(3) ബോർഡിന്റെ നിധിയിലുള്ള എല്ലാ പണവും സർക്കാർ പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവ് വഴി നിർദ്ദേശിക്കുന്ന പ്രകാരം നിക്ഷേപിക്കേണ്ടതാണ്.

(4) 2002-ലെ കേരള അബ്കാരി ഷോപ്സ് ഡിസ്പോസൽ ചട്ടങ്ങൾക്ക് കീഴിൽ കള്ള്ഷാപ്പ് ലൈസൻസികളിൽ നിന്നും അധിക വാർഷിക റെന്റൽ ആയി ഈടാക്കുന്ന തുകയും തൊഴിലാളി കമ്മിറ്റികൾ നടത്തുന്ന കള്ള്ഷാപ്പുകളുടെ സംഗതിയിൽ, അധിക വാർഷിക റെന്റൽ ആയി ഈടാക്കുന്ന തുകയും, സംസ്ഥാന നിയമസഭ നിയമം മൂലം നടത്തുന്ന യഥാവിധിയുള്ള ധനവിനിയോഗത്തിനു ശേഷം നിധിയിലേക്ക് വരവ് വയ്ക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(5) 1959-ലെ വൃക്ഷക്കര ചട്ടങ്ങൾക്ക് കീഴിൽ അധിക പെർമിറ്റ് ഫീസായി ചുമത്തുന്ന ഒരു രൂപ സംസ്ഥാന നിയമസഭ നടത്തുന്ന യഥാവിധിയുള്ള ധനവിനിയോഗത്തിനുശേഷം നിധിയിലേക്ക് വരവ് വയ്ക്കേണ്ടതാണ്.

21. സ്വത്തുക്കളുടെയും ഫണ്ടിന്റെയും വിനിയോഗം.—ബോർഡിന്റെ എല്ലാ സ്വത്തുക്കളും ഫണ്ടും മറ്റ് ആസ്തികളും ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായും വിനിയോഗിക്കേണ്ടതാണ്.

22. ബോർഡിനുള്ള ധനസഹായങ്ങളും വായ്പകളും.—(1) സർക്കാരിന് കാലാകാലങ്ങളിൽ, സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള നിബന്ധനകളിന്മേലും വ്യവസ്ഥകളിന്മേലും, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി ബോർഡിന് ധനസഹായങ്ങളും ഗ്രാന്റുകളും നൽകാവുന്നതാണ്.

(2) ബോർഡിന്, കാലാകാലങ്ങളിൽ, സർക്കാരിന്റെ മുൻകൂർ അനുമതിയോടെയും ഈ ആക്റ്റിലെ വ്യവസ്ഥകൾക്കും, സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള ഉപാധികൾക്കും വിധേയമായി, ഈ ആക്റ്റിലെ ആവശ്യങ്ങൾക്കുവേണ്ടി പണം കടം വാങ്ങാവുന്നതാണ്.

23. ബജറ്റ് തയ്യാറാക്കൽ.—(1) ബോർഡ്, സർക്കാർ നിശ്ചയിക്കാവുന്ന പ്രകാരമുള്ള, തീയതിയിലോ അതിനുമുമ്പോ, അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് കണക്കാക്കപ്പെടുന്ന ബോർഡിന്റെ വരവും ചെലവും കാണിച്ചുകൊണ്ടുള്ള ബജറ്റ്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള, ഫാറത്തിൽ തയ്യാറാക്കുകയും സർക്കാരിന് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

(2) സർക്കാരിന്, ഭേദഗതികളോടെയോ അല്ലാതെയോ ബജറ്റിന് അനുമതി നൽകാവുന്നതാണ്.

(3) ബോർഡോ ബോർഡിനുവേണ്ടിയോ യാതൊരു തുകയും, അപ്രകാരമുള്ള തുക ചെലവായി (1)-ാം ഉപവകുപ്പ് പ്രകാരം, സർക്കാർ അംഗീകരിച്ച ബജറ്റിലെ നിശ്ചിത വ്യവസ്ഥകളിൽ ഉൾപ്പെടുത്താത്ത പക്ഷം, ചെലവാക്കാൻ പാടുള്ളതല്ല:

എന്നാൽ, ബോർഡിന് സർക്കാരിന്റെ മുൻകൂർ അനുമതിയോടെ ബജറ്റ് വിഹിതത്തിന്റെ പരിധിയിൽ നിന്നുകൊണ്ട്, ഒരു ചെലവ് ശീർഷകത്തിൽ നിന്നും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മറ്റൊന്നിലേയ്ക്ക്, അല്ലെങ്കിൽ ഒരു പദ്ധതിക്കുവേണ്ടി ഉണ്ടാക്കിയ വ്യവസ്ഥയിൽ നിന്ന് മറ്റൊരു പദ്ധതിക്ക് വേണ്ടി, ആകെ ബജറ്റ് വിഹിതം അധികരിക്കുന്നില്ല എന്ന നിബന്ധനയ്ക്ക് വിധേയമായി പുനർ ധനവിനിയോഗം അനുവദിക്കാവുന്നതാണ്.

24. സപ്ലിമെന്ററി ബജറ്റ് തയ്യാറാക്കൽ.—ബോർഡിന്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള, ഫാറത്തിലും അപ്രകാരമുള്ള തീയതിയ്ക്ക് മുമ്പായും ഒരു സപ്ലിമെന്ററി ബജറ്റ് സർക്കാരിന് അനുമതിക്കായി സമർപ്പിക്കാവുന്നതും, അപ്രകാരമുള്ള സപ്ലിമെന്ററി ബജറ്റിന് 23-ാം വകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്നതുമാണ്.

25. കണക്കുകളുടെ ആഡിറ്റ്.—ബോർഡിന്റെ കണക്കുകൾ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിൽ സൂക്ഷിക്കേണ്ടതും, അപ്രകാരമുള്ള രീതിയിൽ കണക്കുകളുടെ ഒരു വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതുമാണ്. അപ്രകാരമുള്ള കണക്കുകൾ സർക്കാർ അംഗീകരിച്ച ആഡിറ്ററെകൊണ്ട് ആഡിറ്റ് ചെയ്യിക്കേണ്ടതാണ്.

26. വാർഷിക റിപ്പോർട്ട്.—ബോർഡ്, ഓരോ സാമ്പത്തിക വർഷത്തേക്കും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള, രീതിയിൽ മുൻ സാമ്പത്തിക വർഷത്തെ അതിന്റെ എല്ലാ പ്രവർത്തനങ്ങളെയും സംബന്ധിച്ച ഒരു വാർഷിക റിപ്പോർട്ട്, പ്രസ്തുത സാമ്പത്തിക വർഷം അവസാനിച്ചതിനുശേഷം മൂന്ന് മാസങ്ങൾക്കകം തയ്യാറാക്കേണ്ടതും, സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്. അപ്രകാരമുള്ള ഓരോ വാർഷിക റിപ്പോർട്ടും അത് ലഭിച്ചാലുടൻ കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് സഹിതം, സർക്കാർ നിയമസഭയുടെ മേശപ്പുറത്ത് വയ്പ്പിക്കേണ്ടതാണ്.

27. തുടർ റിപ്പോർട്ടും സ്ഥിതിവിവരക്കണക്കും റിട്ടേണുകളും.—സർക്കാർ, അതത് സമയം, നിർദ്ദേശിക്കാവുന്ന പ്രകാരമുള്ള രീതിയിലും, അപ്രകാരമുള്ള തീയതിയ്ക്ക് മുമ്പായും, അപ്രകാരമുള്ള ഇടവേളകളിലും സർക്കാർ നിർദ്ദേശിക്കാവുന്ന പ്രകാരമുള്ള വിഷയങ്ങൾ, അപ്രകാരമുള്ള സ്ഥിതിവിവരക്കണക്കുകൾ, അപ്രകാരമുള്ള റിട്ടേണുകൾ എന്നിവയുടെ ഒരു റിപ്പോർട്ട് ബോർഡ്, സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

28. കുടിശ്ശികകൾ പിരിച്ചെടുക്കുന്നത്.—ഈ ആക്റ്റോ അതിൻ കീഴിലുണ്ടാക്കപ്പെട്ട ചട്ടങ്ങളോ പ്രകാരം ഒരു കരാറിലെ വ്യവസ്ഥകൾ പ്രകാരമോ മറ്റു വിധത്തിലോ ബോർഡിന് കിട്ടേണ്ട ഏതെങ്കിലും തുകയോ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട് നൽകേണ്ടതായ ഏതെങ്കിലും തുകയോ ബോർഡിന് നൽകിയിട്ടില്ലെങ്കിൽ, നിയമം വഴി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വ്യവസ്ഥ ചെയ്തിട്ടുള്ള മറ്റ് ഏതെങ്കിലും നടപടിയ്ക്ക് ഭംഗംവരാതെ, ആയത്, 1968-ലെ നികുതി വസൂലാക്കൽ ആക്റ്റിൻ കീഴിൽ (1968-ലെ 15) ഭൂനികുതി കുടിശ്ശിക എന്ന പോലെ ബോർഡിന് ഈടാക്കാവുന്നതാണ്.

29. <u>പിരിച്ചെടുക്കാൻ കഴിയാത്ത തുക എഴുതി തള്ളുന്നതിനുള്ള അധികാരം</u>.—ബോർഡിന്, വാർഷികമായി അൻപതിനായിരം രൂപ എന്ന പരിധിക്ക് വിധേയമായി, ഓരോ സംഗതിയിലും, പതിനായിരം രൂപയിൽ കവിയാത്ത ഒരു തുക, അപ്രകാരമുള്ള തുക പിരിച്ചെടുക്കുവാൻ സാധ്യമല്ല എന്ന് അതിന് അഭിപ്രായമുള്ള പക്ഷം, എഴുതിത്തള്ളാവുന്നതാണ്.

## <u>അദ്ധ്യായം - VI</u>

## പലവക

30. <u>നിർദ്ദേശങ്ങൾ നൽകുവാനുള്ള സർക്കാരിന്റെ അധികാരം</u>.—സർക്കാരിന് ഈ ആക്റ്റിന് കീഴിലുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന്റെ ആവശ്യത്തിലേയ്ക്കായി, ബോർഡിന് നിർദ്ദേശങ്ങൾ നൽകാവുന്നതും, അപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കാൻ ബോർഡ് ബാധ്യസ്ഥമായിരിക്കുന്നതുമാണ്.

31. <u>ബോർഡിലെ ചെയർപേഴ്സണും അംഗങ്ങളും ജീവനക്കാരും പബ്ലിക് സെർവന്റുമാർ ആയിരിക്കുമെന്ന്</u>.—ബോർഡിലെ ചെയർപേഴ്സണും അംഗങ്ങളും ജീവനക്കാരും, 1860-ലെ ഇന്ത്യൻ ശിക്ഷാനിയമ സംഹിത (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിയ്ക്കുള്ളിൽ വരുന്ന പബ്ലിക് സെർവന്റുമാർ ആയി കരുതപ്പെടുന്നതാണ്.

32. <u>ഉത്തമവിശ്വാസത്തിൽ എടുത്ത നടപടികൾക്ക് സംരക്ഷണം</u>.—ഈ ആക്റ്റോ അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളോ റെഗുലേഷനുകളോ പ്രകാരം, ഉത്തമവിശ്വാസത്തിൽ ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും സംഗതി സംബന്ധിച്ച് സർക്കാരിനോ, ബോർഡിനോ, അതിലെ ഏതെങ്കിലും അംഗത്തിനോ, ജീവനക്കാരനോ എതിരായി യാതൊരു വ്യവഹാരമോ, മറ്റ് നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

33. <u>വൈഷമ്യങ്ങൾ നീക്കംചെയ്യൽ</u>.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിൽ ഏതെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, സർക്കാരിന്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്ന് തങ്ങൾക്ക് തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകൾ, ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവുമൂലം, ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന് രണ്ടുവർഷത്തിനുശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും ഉണ്ടാക്കുവാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പുപ്രകാരം ഉണ്ടാക്കിയ ഓരോ ഉത്തരവും അതുണ്ടാക്കിയതിനുശേഷം ഉടൻതന്നെ നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ്.

34. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം</u>.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി മുൻകാലപ്രാബല്യത്തോടുകൂടിയോ പിൽകാലപ്രാബല്യത്തോടുകൂടിയോ, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെ, അപ്രകാരമുള്ള ചട്ടങ്ങളിൽ താഴെ പറയുന്ന എല്ലാമോ ഏതെങ്കിലുമോ സംഗതികൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:-

(എ) 4-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ബോർഡിന്റെ ചെയർപേഴ്സണും മറ്റ് അംഗങ്ങൾക്കും നൽകേണ്ട ശമ്പളവും ബത്തകളും;

(ബി) 13-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വിനിയോഗിക്കേണ്ട അധികാരങ്ങളും നിർവ്വഹിക്കേണ്ട കർത്തവ്യങ്ങളും, പ്രസ്തുത വകുപ്പിന്റെ (4)-ാം ഉപവകുപ്പ് പ്രകാരം ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമന രീതിയും സേവനം സംബന്ധിച്ച മറ്റു വ്യവസ്ഥകളും നിബന്ധനകളും, ശമ്പളവും അലവൻസുകളും;

(സി) 14-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം, കരാറുകളിൽ ഏർപ്പെടേണ്ട ഫാറവും രീതിയും;

(ഡി) 18-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (സി) ഖണ്ഡപ്രകാരം, വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന മറ്റ് വിവരങ്ങൾ, പ്രസ്തുത വകുപ്പിന്റെ (3)-ാം ഉപവകുപ്പ് പ്രകാരം, അനുബന്ധ പദ്ധതികൾ തയ്യാറാക്കേണ്ട ഫാറവും ഏത് തീയതിയ്ക്ക് മുമ്പ് തയ്യാറാക്കണമെന്നും;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ഇ) 23-ാം വകുപ്പ് പ്രകാരം ബജറ്റ് തയ്യാറാക്കേണ്ട ഫാറം;

(എഫ്) 24-ാം വകുപ്പ് പ്രകാരം സപ്ലിമെന്ററി ബജറ്റ് തയ്യാറാക്കേണ്ട ഫാറവും ഏത് തീയതിയ്ക്ക് മുൻപ് തയ്യാറാക്കേണ്ടതാണെന്നും;

(ജി) 25-ാം വകുപ്പ് പ്രകാരം ബോർഡിന്റെ കണക്കുകൾ സൂക്ഷിക്കേണ്ട രീതിയും വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ട രീതിയും;

(എച്ച്) 26-ാം വകുപ്പ് പ്രകാരം വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ട രീതി;

(ഐ) നിർണ്ണയിക്കേണ്ടതോ നിർണ്ണയിക്കപ്പെടേണ്ടതോ ആയ മറ്റ് കാര്യങ്ങൾ.

(3) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെടുന്ന ഓരോ ചട്ടവും അതുണ്ടാക്കിയതിനു ശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ, തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതത് സംഗതിപോലെ, അപ്രകാരം ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതിയോ, റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

35. <u>റഗുലേഷനുകൾ ഉണ്ടാക്കുന്നതിനുള്ള അധികാരം</u>.—(1) ബോർഡിന് ഈ ആക്റ്റിലെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി, സർക്കാരിന്റെ മുൻകൂർ അനുമതിയോടെ ഈ ആക്റ്റിനും അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങൾക്കും വിരുദ്ധമല്ലാത്ത റഗുലേഷനുകൾ, ഗസറ്റ് വിജ്ഞാപനം വഴി, ഉണ്ടാക്കാവുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) പ്രത്യകിച്ചും മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെ, ബോർഡിന് താഴെ പറയുന്ന കാര്യങ്ങളെ സംബന്ധിച്ച് റഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്,-

(എ) 11-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഒരു പ്രത്യേക ആവശ്യത്തിന് വേണ്ടി ആളുകളെ താത്കാലികമായി സഹകരിപ്പിക്കുന്നതിനുള്ള രീതി;

(ബി) 12-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം, ബോർഡ് യോഗം ചേരേണ്ട സമയവും സ്ഥലവും നടപടിക്രമങ്ങളും;

(സി) 15-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അധികാരം വിനിയോഗിക്കേണ്ടതും ചുമതലകൾ നിർവ്വഹിക്കേണ്ടതുമായ ധനകാര്യവുമായി ബന്ധപ്പെട്ട അധികാരങ്ങൾ.

36. റദ്ദാക്കലും ഒഴിവാക്കലും.—(1) 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ഓർഡിനൻസ് (2021-ലെ 103) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ എതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# GOVERNMENT OF KERALA

## Law (Legislation-A) Department

NOTIFICATION

No. 4153/Leg. A1/2021/Law. *Dated, Thiruvananthapuram, 14th November, 2021*
*29th Thulam, 1197*
*23rd Karthika, 1943.*

In pursuance of Clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English Language of the Kerala Toddy Industry Development Board Act, 2021 (40 of 2021).

By order of the Governor,

V. HARI NAIR,
*Law Secretary.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

[Translation in English of “2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ആക്റ്റ്” published under the authority of the Governor.]

## ACT 40 OF 2021

## THE KERALA TODDY INDUSTRY DEVELOPMENT BOARD ACT, 2021

*An Act to provide for the constitution of Toddy Industry Development Board to promote and develop the traditional toddy industry in the State of Kerala and matters connected therewith or incidental thereto.*

*Preamble.*—WHEREAS, it is expedient to provide for the constitution of Toddy Industry Development Board to promote and develop the traditional toddy industry in the State of Kerala and matters connected therewith or incidental thereto;

BE it enacted in the Seventy-second Year of the Republic of India as follows:—

### CHAPTER I
### PRELIMINARY

1. *Short title and commencement.*—(1) This Act may be called the Kerala Toddy Industry Development Board Act, 2021.

(2) It shall be deemed to have come into force on the 25th day of February, 2021.

2. *Definitions.*—In this Act, unless the context otherwise requires,—

(a) “Board” means the Kerala Toddy Industry Development Board constituted under section 3;

(b) “Chairperson” means Chairperson of the Board;

(c) “Chief Executive Officer” means the Chief Executive Officer of the Board appointed under section 13;

(d) “Excise Commissioner” means an officer appointed by the Government under clause (a) of section 4 of the Abkari Act, 1077 (1 of 1077);

(e) “Government” means the Government of Kerala;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(f) “member” means member of the Board;

(g) “prescribed” means prescribed by rules made under this Act;

(h) “regulation” means regulations made by the Board under this Act;

(i) “State” means the State of Kerala ;

(j) “toddy” means toddy as defined under clause (n) of rule 2 of the Kerala Abkari Shops Disposal Rules, 2002;

(k) “toddy shop” means toddy shop as defined under clause (c) of rule 2 of the Kerala Abkari Shops Disposal Rules, 2002.

## CHAPTER II

## CONSTITUTION OF THE BOARD

3. *Constitution of the Board*.—(1) The Government shall, as soon as may be, after the commencement of this Act, by notification in the Gazette, constitute a Board to be known as “the Kerala Toddy Industry Development Board” to exercise the powers and to perform the functions conferred on it under this Act.

(2) The Board, shall be a body corporate having perpetual succession and common seal, with power to acquire, hold and dispose of property, both movable and immovable and to enter into contract, subject to the provisions of the Act and to do all things necessary for the purpose of this Act, and shall may by the said name sue and be sued.

(3) The Head quarters of the Board shall be at Thiruvananthapuram.

(4) The Board shall consist of the following members, appointed by the Government as hereinafter provided, namely:—

(a) a person nominated by the Government—Chairperson;

(b) Secretary/Principal Secretary/Additional Chief Secretary to the Government, Taxes Department;

(c) Excise Commissioner;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(d) Secretary/Principal Secretary/Additional Chief Secretary to the Government, Finance Department;

(e) Director of Research, Kerala Agriculture University;

(f) Assistant Director (Marketing), Agriculture Department;

(g) Chairman, Kerala Toddy Industry Workers' Welfare Fund Board;

(h) one representative each from recognized trade unions in toddy sector, up to maximum five representatives;

(i) two representatives from toddy shop licensees association;

(j) two representatives of coconut farmers;

(k) Chief Executive Officer.

(5) The Chairperson and members shall be appointed, by notification in the Official Gazette.

4. *Service conditions and term of office of the Chairperson and members.*—(1) The Chairperson and the non-official members of the Board may hold office for a period of five years from the date on which they assume the office.

(2) The salary and allowances payable to the Chairperson and other members and other conditions of service shall be such as, may be prescribed.

5. *Reconstitution of the Board.*—(1) The Government, may by notification in the Gazette, and on the reasons to be specified in the said notification, reconstitute the Board in accordance with the provisions of sub -section (2) of section 3.

(2) When the Board is reconstituted under sub-section (1), members of the Board including the Chairperson, who were holding office before such reconstitution, from the date of such reconstitution, shall vacate their offices as such members, notwithstanding that their term of office has not expired, unless they are appointed as members of the Board so reconstituted.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

6. *Disqualification for being appointed, or for continuing as, a member of the Board.*—A person shall be disqualified from being appointed as a member or continuing as a member of the Board, if he,—

(a) is of unsound mind;

(b) is an undischarged insolvent;

(c) has been convicted for an offence involving moral turpitude or convicted for an offence of financial irregularity;

(d) directly or indirectly holds any share or interest in any contract or work by the Board or on behalf of the Board.

7. *Removal or suspension of members from their office.*—(1) The Government may, by order, remove any Chairperson or any member from their office, if he,—

(a) refuses to do the work or becomes incapable to do the work;

(b) has been on conviction sentenced to imprisonment for an offence involving moral turpitude in the opinion of the Government;

(c) is absent without the permission of the Board from three consecutive meetings of the Board;

(d) in the opinion of the Government, so abused his official position, so as to render his continuance in the Board detrimental to the interest of the Board or interest of the public; or

(e) is otherwise unsuitable to continue as a member:

Provided that no person shall be removed under this sub-section, unless he has been given a reasonable opportunity of being heard.

(2) The Government may suspend any member of the Board during the period of pendency of proceedings under sub-section (1).

(3) No member who has been removed from the Board under sub-section (1), shall be reappointed as a member of the Board or appointed in any other capacity under the Board.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

8. *Resignation of office by a member.*—Any member of the Board may, resign his office by giving notice in writing to the Government, and on such resignation being accepted by the Government, he shall be deemed to have vacated his office.

*9. Vacancy to be filled in as early as possible.*—(1) When a member is subject to any disqualification under section 6, or removed under section 7 or resigned under section 8 he shall cease to be a member of the Board, and any such vacancy shall be filled by the Government as early as possible.

(2) The term of office of a member appointed in such casual vacancy shall be the remaining period of the term of office of the member in whose vacancy he has been appointed.

10. *Vacancies etc. not to invalidate proceedings of the Board.*—No action or proceedings of the Board shall become invalid merely on the ground of the existence of any vacancy or defect in the constitution of the Board.

11. *Temporary association of persons with the Board for particular purposes.*—(1) The Board may associate with itself, any person whose assistance or advice it may desire for any particular purpose of this Act, in such manner, as may be provided in regulations, made under this Act .

(2) A person associated with the Board for any purpose under sub-section (1), shall have the right to take part in the discussions of the Board relating to such purpose:

Provided that he shall not have the right to vote in the meeting of the Board.

12. *Meetings of the Board*.—(1) The Board shall meet at such time and such places, as may be provided in the regulations and shall follow such rules of procedure in regard to transaction of business at its meetings:

Provided that the Board shall meet at least once in every three months.

(2) The Chairperson or, in his absence, such member as may be chosen by the members present from among themselves shall preside over the meeting of the Board.

(3) Quorum of the meeting of the Board including the chairperson shall be one third of the members.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(4) Any matter coming up before a meeting of the Board shall be decided by a majority of the votes of the members present and voting and in the case of equality of votes, the Chairperson or member presiding over the meeting shall have a right for a casting vote.

(5) The minutes of every meeting of the Board shall be forwarded to the Government within fifteen days after such meeting.

13. *Appointment of Chief Executive Officer and other staff of the Board.*—(1) The Government may appoint an officer not below the rank of Joint Secretary in the Government service on deputation, as the Chief Executive officer.

(2) The Chief Executive Officer shall exercise such powers and discharge such duties, as may be prescribed.

(3) The Board may appoint officers and staff as may be necessary for performing its functions in an efficient manner .

(4)The method of appointment and other conditions of service and salary and allowances of the Officers and staff shall be, such as may be prescribed.

14. *Power to make contract.*— (1) The Board may enter into contracts as it may consider necessary or expedient for carrying out the purposes of this Act.

(2) Every contract shall be made on behalf of the Board, by the Chairperson or an officer authorized by the Board.

(3) Every contract made on behalf of the Board shall be in, such form and such manner, as may be prescribed.

15. *Finance Standing Committee and other committees.*—(1) The Board may, appoint a Finance Standing Committee to exercise such powers and perform such functions relating to the financial matters of the Board, as may be laid down by regulations.

(2) The Board may, from time to time, appoint one or more committees for the purpose of securing that the said functions are exercised with due regard to the circumstances and requirements of Toddy Industry.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## CHAPTER III

## POWERS AND FUNCTIONS OF THE BOARD

16. *Functions of the Board.*—(1) The Board shall organize, develop and encourage the Toddy Industry sector and ensure the protection of employment of the workers in the sector and perform such functions, as may be fixed by the Government from time to time.

(2) Without prejudice to the generality of the provisions of sub-section (1), the Board may perform all or any of the following duties and functions, in particular, namely:—

(a) to ensure the availability of natural toddy to the consumers;

(b) to collect and store toddy from places where there is large scale production and transport it to other necessary places;

(c) to start initiatives for the production of value added products from toddy;

(d) to make necessary arrangements to store and preserve excess toddy produced during the peak production season;

(e) to plant high yielding toddy producing trees;

(f) to construct permanent buildings to run toddy shops;

(g) to conduct toddy shops as much as necessary;

(h) to establish Toddy parlors with modern facilities in tourism centers;

(i) to provide necessary training to the existing and new entrants in the toddy sector;

(j) to keep statistical data on toddy industry;

(k) to open knowledge centers for the workers and farmers and to publish journals;

(l) to encourage the research to be required in this field.

17. *General powers of the Board.*—The Board, shall have the following powers, for the purposes of carrying out its functions under this Act, namely:-

(1) to acquire and hold such movable and immovable property as it deems necessary and to lease, sell or otherwise transfer any such property:

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Provided that in the case of immovable property, the aforesaid powers except the power to acquire shall be exercised only with the previous sanction of the Government;

(2) Subject to the provisions of this Act and the rules made thereunder, to meet the expenditure and formulate and implement such schemes as it may consider necessary for the purpose of carrying out the provisions of this Act.

## CHAPTER IV

## FORMULATION AND SUBMISSION OF SCHEMES

18. *Preparation and submission of annual Schemes.*—(1) The Board shall prepare annual scheme, subject to the provisions of this Act, every year, on or before such date, as may be fixed by the Government, and forward it to the Government for approval.

(2) The scheme shall contain,—

(a) such particulars of the scheme which the Board proposes to execute, whether in part or whole, during the next year;

(b) particulars of any work or undertaking of any work which the Board proposes to organize during the next year for the purposes of carrying out its functions under this Act;

(c) such other particulars, as may be prescribed.

(3) The Board shall prepare supplementary schemes, in such manner and form, as may be prescribed, and before such date and shall forward to the Government for approval.

(4) The Government may, either sanction or approve the scheme completely or with the modifications as they may deem fit.

## CHAPTER V

## FINANCE, ACCOUNTS, AUDIT AND DEBTS

19. *Transfer of Property.*—The Government may, for carrying out the purposes of this Act, transfer buildings, land or any other property, whether movable or immovable, to the Board on such terms and conditions as the Government may deem fit.

20. *Funds of the Board.*—(1) The Board shall have its own fund, and all receipts of the Board shall be credited thereto, and all expenditure by the Board shall be met therefrom.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) The Board may accept assistance or loans from the Toddy Workers Welfare Fund Board.

(3) All funds of the Board shall be deposited as directed by the Government by general or special orders.

(4) The amount levied as additional annual rental from the licensees of the toddy shop and in the case of toddy shops run by the workers committee additional annual rental levied under the Kerala Abkari Shops Disposal Rules, 2002 shall be credited to the fund after due appropriation made by law by the State Legislature.

(5) The additional permit fee of rupee one levied under the Tree Tax Rules, 1959 shall be credited to the fund after due appropriation by the State Legislature.

21. *Utilization of fund and property.*—All property, fund and other assets of the Board shall be utilized for the purpose of the Act and subject to the provisions of this Act.

22. *Subventions and loans to the Board*.—(1) The Government may, from time to time, make subventions and grants to the Board, for the purposes of this Act on such terms and conditions as the Government may determine.

(2) The Board may, from time to time, with the previous sanction of the Government and subject to the provisions of this Act and on such conditions as the Government may determine, borrow any sum required for the purposes of this Act.

23. *Preparation of Budget Estimates.*—(1) The Board shall, on or before such date as may be fixed by the Government, prepare the budget for the next financial year showing an estimated income and expenditure of the Board, in such form as the Government may specify and submit it to the Government.

(2) The Government may, sanction the budget with or without modifications.

(3) No sum shall be expended by or on behalf of the Board, unless such expenditure is included by specific provision in the budget approved by the Government under sub-section (1):

Provided that the Board may, with the previous sanction of the Government and within the limits of the budget, sanction re-appropriation, from one head of expenditure to another, or

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

from a provision made for one scheme to that in respect of another, subject to the condition that it shall not exceed the budget allocation.

24. *Preparation of Supplementary Budget Estimates*.—The Board may, submit a supplementary budget for the sanction of the Government, in such form and before such date, as may be prescribed, and the provisions of section 23 shall apply to such supplementary budget.

25. *Audit of Accounts*.—The accounts of the Board shall be maintained and an annual statement of accounts shall be prepared, in such manner, as may be prescribed. Such accounts shall be audited by an auditor approved by the Government.

26. *Annual report.*—The Board shall for every financial year prepare, in such manner, as may be prescribed, an annual report within three months from the end of the financial year giving a complete account of the previous financial year and forward it to the Government. Every such report together with the audit statement of accounts shall cause to be laid before the Legislative Assembly, as soon as may be, after it is received by the Government.

27. *Further report, statistics and returns.*—The Board shall before such date and at such intervals and in such manner as the Government may from, time to time, direct, submit to the Government a report of such matters and such statistics and such returns as the Government may direct.

28. *Recovery of arrears*.—If any amount due to the Board, in accordance with the provisions of this Act or rules made thereunder or the provisions of a contract or otherwise or any sum payable in connection therewith, has not been paid, such amount shall, without prejudice to any other remedy provided by law, be recoverable as arrears of land revenue under the Kerala Revenue Recovery Act, 1968 (15 of 1968).

29. *Power to write off irrecoverable amount.*—The Board may, write off any sum not exceeding ten thousand rupees in each case, subject to a limit of fifty thousand rupees annually, if in its opinion such sum is not recoverable.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## CHAPTER VI

## MISCELLANEOUS

30. *Power of Government to give directions*.—The Government may for the purpose of discharging its functions under this Act give directions to the Board, and the Board shall be bound to comply such directions.

31. *Chairperson,* m*embers and staff of the Board to be public servants*.—The Chairperson, members and the staff of the Board shall be deemed to be public servants within the meaning of section 21 of the Indian Penal Code, 1860 (Central Act 45 of 1860).

32. *Protection of action taken in good faith*.—No suit, or other legal proceedings shall lie against the Government, Board or any member or staff thereof in respect of anything which is done in good faith or purported to be done under this Act, rules or regulations made thereunder.

33. *Power to remove difficulties*.—(1) If any difficulty arises in giving effect to the provisions of this Act, the Government may, by order published in the Official Gazette, make provisions not inconsistent with the provisions of this Act and which appears to it, to be necessary for removing the difficulty:

Provided that no such order shall be made after the expiry of a period of two years from the date of commencement of this Act.

(2) Every order made under sub-section (1) shall, as soon as may be, after it is made, be laid before the Legislative Assembly.

34. *Power to make Rules.*—(1) The Government may, by notification in the Gazette, make rules either, prospectively or retrospectively, for carrying out the purposes of this Act.

(2) In particular and without prejudice to the generality of the foregoing powers, such rules may provide for all or any of the following matters, namely:—

(a) the salary and allowances to be paid to the Chairperson and other members of the Board under sub-section (2) of section 4;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(b) the powers to be exercised and the duties to be discharged by, the Chief Executive Officer under sub-section (2) of section 13, and method of appointment, other conditions of service, and salary and allowances of the officers and staff under sub-section (4) of the said section;

(c) the form and manner in which contract shall be entered into under sub-section (3) of section 14;

(d) other details that may be included in the annual scheme under clause (c) of sub-section (2) of section 18, and the form in which and the time before which the Supplementary Scheme to be prepared under sub-section(3) of said section;

(e) the form for preparing the Budget under section 23;

(f) the form in which, and the date before which, the supplementary budget shall be prepared under section 24;

(g) the manner in which the accounts of the Board are to be maintained and the manner in which the annual statements are to be prepared under section 25;

(h) the manner in which the Annual Report is to be prepared under section 26;

(i) other matters which is to be, or may be prescribed.

(3) Every rule made under this Act shall be laid, as soon as may be after it is made, before the Legislative Assembly, while it is in session for a total period of fourteen days, which may be comprised in one session or in two successive sessions, and if, before the expiry of the session in which it is so laid or the session immediately following, the Legislative Assembly makes any modification in the rule or decides that the rule should not be made, the rule shall thereafter have effect only in such modified form or be of no effect, as the case may be, so however that, any such modification or annulment shall be without prejudice to the validity of anything previously done under that rule.

35. *Power to make regulations*.—(1) The Board may, with the previous approval of the Government, make regulations not inconsistent with the provisions of this Act and the rules made thereunder, to carry out the purposes of this Act by notification in the Gazette.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) In particular and without prejudice to the generality of the foregoing power, the Board may make regulations providing for,—

(a) the manner in which the persons are to be temporarily associated under sub-section (1) of section 11;

(b) the time, place and procedures of the meeting of the Board under sub-section (1) of section 12;

(c) the powers relating to the financial matters to be exercised and the duties to be discharged under sub-section (1) of section 15.

36. *Repeal and saving*.—(1) The Kerala Toddy Industry Development Board Ordinance, 2021 ( 103 of 2021) is hereby repealed.

(2) Notwithstanding such repeal, anything done or deemed to have been done or any action taken or deemed to have been taken under the said Ordinance shall be deemed to have been done or taken under this Act.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/